ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 05.05.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) പാകിസ്ഥാനെതിരെ വീണ്ടും നടപടി കടുപ്പിച്ച് ഇന്ത്യ. ചിനാബ് നദിയിലെ നീരൊഴുക്ക് തടഞ്ഞു. പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രതിരോധ സെക്രട്ടറിയുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി.

**India has taken tough action against Pakistan again. The flow of water from the Chenab river has been stanched. Prime Minister Narendra Modi met the Defense Secretary in New Delhi.**

2) രാജ്യത്തെ നയിക്കുന്ന പ്രധാന മാർഗരേഖ സുസ്ഥിര വികസനമാണെന്ന് ഉപരാഷ്ട്രപതി ജഗദീപ് ധൻകർ.

**Vice President Jagdeep Dhankhar said that sustainable development is the nation's guiding principle.**

3) വഖഫ് ഭേദഗതി നിയമവുമായി ബന്ധപ്പെട്ട ഹർജികൾ വാദം കേൾക്കുന്നതിനായി സുപ്രിംകോടതി ഈ മാസം 15 ലേക്ക് മാറ്റി.

**The Supreme Court has listed the matter related to the constitutional validity of the Waqf (Amendment) Act 2025 for further hearing on 15th of this month.**

4) രാജ്യത്ത് വ്യാപാരം സുഗമമാക്കുന്നതിന് നൂതനമാർഗ്ഗങ്ങളിലൂടെ അനുകൂല ആവാസവ്യവസ്ഥ സൃഷ്ടിച്ചുവരികയാണെന്ന് കേന്ദ്രധനമന്ത്രി നിർമ്മലാ സീതാരാമൻ.

**Union Finance Minister Nirmala Sitharaman has said that a conducive ecosystem is being created through innovative methods to facilitate trade in the country.**

5) കോഴിക്കോട് മെഡിക്കൽ കോളേജിൽ വീണ്ടും പുക ഉയർന്ന സാഹചര്യത്തിൽ സമ്പൂർണ ഫയർ ഓഡിറ്റ് നടത്താൻ നിർദേശം നൽകി ആരോഗ്യമന്ത്രി വീണാ ജോർജ്ജ്.

**Health Minister Veena George has ordered a complete fire audit following the resurgence of smoke at Kozhikode Medical College.**

6) പൂരത്തിനൊരുങ്ങി ശക്തൻറെ തട്ടകം. പ്രസിദ്ധമായ തൃശൂർ പൂരം നാളെ.

**Thrissur is all set for Pooram, tomorrow**

**&&&&&&&&&&&&&**

## HEADLINE - 1

### PM – DFEFENCE SECRETARY

പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രതിരോധ സെക്രട്ടറി രാജേഷ് കുമാർ സിംഗുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഇന്നലെ വ്യോമസേനാ മേധാവി എയർ ചീഫ് മാർഷൽ അമർ പ്രീത് സിംഗ് ശ്രീ മോദിയെ സന്ദർശിച്ചിരുന്നു. പ്രധാനമന്ത്രിയും നാവികസേനാ മേധാവി അഡ്മിറൽ ദിനേശ് കെ ത്രിപാഠിയും, കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദിയും തമ്മിലും ചർച്ചകൾ നടന്നു. പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിലായിരുന്നു ചർച്ചകൾ .

**&&&&&&&&&&&&&**

## HEADLINE - 1

### REV/J&K: BAGLIHAR DAM CHENAB RIVER

പാകിസ്ഥാനെതിരെ വീണ്ടും ശക്തമായ നടപടിയുമായി ഇന്ത്യ. ചിനാബ് നദിയിലെ ബാഗ്ലിഹാർ അണക്കെട്ടിലൂടെ, പാകിസ്ഥാനിലേക്കുള്ള നീരൊഴുക്ക് ഇന്ത്യ തടഞ്ഞു. ഝലം നദിയിലെ കൃഷ്ണ ഗംഗ അണക്കെട്ടിന്മേലും സമാന നടപടി കൈക്കൊള്ളാനാണ് സാധ്യതയെന്നും റിപ്പോർട്ടുണ്ട്.

**&&&&&&&&&&&&&**

### CYBER–ATTACK

ഇന്ത്യൻ പ്രതിരോധ വെബ്സൈറ്റുകളെ ലക്ഷ്യമിട്ട് പാകിസ്ഥാൻ ഹാക്കർമാർ സൈബർ ആക്രമണം നടത്തിയതായി റിപ്പോർട്ട്.

പാകിസ്ഥാൻ സൈബർ ഫോഴ്സ് എന്ന സംഘം ഉത്തരവാദിത്തം ഏറ്റെടുത്തതായി പ്രതിരോധ വൃത്തങ്ങൾ അറിയിച്ചു. സൈബർ സുരക്ഷാ വിദഗ്ധരും ഏജൻസികളും സ്ഥിതിഗതികൾ സൂക്ഷ്മമായി നിരീക്ഷിക്കുകയാണ്.

**&&&&&&&&&&&&&**

## INDIA- RUSSIA

പഹൽഗാം ഭീകരാക്രമണത്തെ ശക്തമായി അപലപിച്ച് റഷ്യ. നിരപരാധികളുടെ ജീവൻ നഷ്ടപ്പെട്ടതിൽ റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുതിൻ അഗാധ ദുഃഖം രേഖപ്പെടുത്തി. ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യയ്ക്ക് റഷ്യ പൂർണ്ണ പിന്തുണ അറിയിക്കുകയും ചെയ്തു. പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി നടത്തിയ ടെലിഫോൺ സംഭാഷണത്തിലാണ് പുതിൻ നിലപാട് അറിയിച്ചത്. വർഷാവസാനം ഇന്ത്യയിൽ നടക്കുന്ന വാർഷിക ഉച്ചകോടിയിലേക്ക് ശ്രീ മോദി പുതിനെ ക്ഷണിച്ചിട്ടുണ്ട്.

**&&&&&&&&&&&&&**

## HEADLINE - 2

## VICE PRESIDENT - KARNATAKA (INTRO)

രാജ്യത്തെ നയിക്കുന്ന പ്രധാന മാർഗരേഖ സുസ്ഥിര വികസനമാണെന്ന് ഉപരാഷ്ട്രപതി ജഗദീപ് ധൻകർ. കർണാടകയിൽ സിർസിയിലെ ഫോറസ്ട്രി കോളേജിലെ വിദ്യാർത്ഥികളെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. പരിസ്ഥിതി സംരക്ഷണവും വികസനവും സംയോജിച്ച് പോകേണ്ടതിൻറെ അനിവാര്യതയെ ഉപരാഷ്ട്രപതി എടുത്തു പറഞ്ഞു.

(ഹോൾഡ് ഫോർ വോയ്സ്)

**&&&&&&&&&&&&&**

## DEFENCE MINISTERS-MEET

ഇന്ത്യ-ജപ്പാൻ പ്രതിരോധ ബന്ധം ശക്തിപ്പെടുന്നതിൽ സംതൃപ്തി പങ്കുവച്ച് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങ്. ജാപ്പനീസ് പ്രതിരോധ മന്ത്രി ജനറൽ നകതാനിയുമായി ന്യൂ ഡൽഹിയിൽ ഉഭയകക്ഷി കൂടിക്കാഴ്ച നടത്തുകയായിരുന്നു അദ്ദേഹം.

പഹൽഗാം ഭീകരാക്രമണത്തിൽ ഇന്ത്യയെ പിന്തുണച്ച ജപ്പാന്റെ നിലപാടിന് അദ്ദേഹം നന്ദി അറിയിച്ചു. കഴിഞ്ഞ ആറ് മാസത്തിനിടെ ഇന്ത്യ, ജപ്പാൻ പ്രതിരോധ മന്ത്രിമാർക്കിടയിൽ നടക്കുന്ന രണ്ടാമത് കൂടിക്കാഴ്ചയാണിത്.

**&&&&&&&&&&&&&**

**HEADLINE - 3**

**REV SC–WAQF**

2025 ലെ വഖഫ് ഭേദഗതി നിയമത്തിൻറെ ഭരണഘടനാ സാധുതയുമായി ബന്ധപ്പെട്ട ഹർജികൾ കൂടുതൽ വാദം കേൾക്കുന്നതിനായി സുപ്രിംകോടതി ഈ മാസം 15 ലേക്ക് മാറ്റി. ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന, ജസ്റ്റിസ് സഞ്ജയ് കുമാർ, ജസ്റ്റിസ് കെ വി വിശ്വനാഥൻ എന്നിവരടങ്ങിയ ബെഞ്ചിൻറേതാണ് തീരുമാനം. അടുത്ത ചീഫ് ജസ്റ്റിസായ് ചുമതലയേൽക്കുന്ന ജസ്റ്റിസ് ബി.ആർ ഗവായിയുടെ ബെഞ്ചിന് മുമ്പാകെ വിഷയം ശ്രദ്ധയിൽപെടുത്തുമെന്നും,ജസ്റ്റിസ് സഞ്ജീവ് ഖന്ന വ്യക്തമാക്കി. ഈ മാസം 14 നാണ് ജസ്റ്റിസ് ഗവായി സുപ്രീംകോടതി ചീഫ് ജസ്റ്റിസായി ചുമതലയേൽക്കുന്നത്.

**&&&&&&&&&&&&&**

**BHUPENDER**

വഖഫ് നിയമം രാജ്യത്ത് നിലവിലുള്ള വഖഫ് സ്വത്തുക്കളുടെ സംരക്ഷണം ഉറപ്പാക്കുകയും അതിന്റെ ഗുണഫലങ്ങൾ മുസ്ലീം സമുദായത്തിലെ ദരിദ്ര കുടുംബങ്ങളിലേക്കും സ്ത്രീകളിലേക്കും എത്തുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുമെന്ന് കേന്ദ്രമന്ത്രി ഭൂപേന്ദർ യാദവ്. ന്യൂഡൽഹിയിൽ വഖഫ് പരിഷ്കരണ പൊതുജന അവബോധ കാമ്പയ്നിനെ, അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

**&&&&&&&&&&&&&**

**NEET – AADHAR**

ന്യൂഡൽഹിയിൽ നടന്ന നീറ്റ് 2025 പരീക്ഷയിൽ ആധാർ അധിഷ്ഠിത ഫെയ്സ് ഐഡൻറിഫിക്കേഷൻ ഉപയോഗിക്കുന്നതിനുള്ള പ്രായോഗിക പരീക്ഷണം വിജയകരമായി നടത്തി യുണീക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ. നാഷണൽ

ഇൻഫോർമാറ്റിക്സ് സെന്റർ, നാഷണൽ ടെസ്റ്റിംഗ് ഏജൻസി എന്നിവയുമായി സഹകരിച്ചാണ് ഈ പരീക്ഷണം വിജയകരമായി പൂർത്തിയാക്കിയത്. പരീക്ഷകളുടെ സുതാര്യതയും പരീക്ഷാർത്ഥികളുടെ പരിശോധനയും മെച്ചപ്പെടുത്തുന്നതിലെ സുപ്രധാന ചുവടുവയ്പ്പാണ് ഈ സംരംഭം.

&&&&&&&&&&&&&

**HEADLINE - 4**

**NIRMALA SITHARAMAN–ADB**

ഇന്ത്യ സ്വകാര്യമേഖലയിലൂന്നിയ സാമ്പത്തിക വളർച്ചയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ടെന്നും, വ്യാപാരം സുഗമമാക്കുന്നതിനായി നൂതനമാർഗ്ഗങ്ങളിലൂടെ അനുകൂല നയ,നിയന്ത്രണ ആവാസവ്യവസ്ഥ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണെന്നും കേന്ദ്രധനമന്ത്രി നിർമ്മലാ സീതാരാമൻ. ഇറ്റലിയിലെ മിലാനിൽ നടന്ന 58-ാമത് എഡിബി വാർഷിക യോഗത്തിൽ പങ്കെടുക്കുകയായിരുന്നു കേന്ദ്രമന്ത്രി. നൂതന ധനകാര്യ ഉൽപ്പന്നങ്ങൾക്കായി ഇന്ത്യ എഡിബിക്ക് അവസരങ്ങൾ വാഗ്ദാനം ചെയ്യുന്നതായും ശ്രീമതി സീതാരാമൻ വ്യക്തമാക്കി. വികസിത് ഭാരത് 2047 കാഴ്ചപ്പാടിനെ അടിസ്ഥാനമാക്കിയുള്ള ഇന്ത്യയുടെ വികസന മുന്നേറ്റങ്ങൾക്ക് പൂർണ്ണ പിന്തുണയുണ്ടാകുമെന്ന് ഏഷ്യൻ ഡെവലപ്മെൻറ് ബാങ്ക് പ്രസിഡൻറ് അറിയിച്ചു.

&&&&&&&&&&&&&

**HEADLINE - 5**

**KOZHIKODE – FIRE**

കോഴിക്കോട് മെഡിക്കൽ കോളേജിലെ അത്യാഹിത വിഭാഗത്തിൽ വീണ്ടും പുക പടർന്ന സംഭവത്തിൽ സമഗ്ര അന്വേഷണം പുരോഗമിക്കുകയാണെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്ജ്. പരിശോധനയ്ക്കിടെ വീണ്ടും പുക ഉയർന്ന സാഹചര്യത്തിൽ സമ്പൂർണ ഫയർ ഓഡിറ്റ് നടത്താൻ നിർദേശം നൽകിയതായും ആരോഗ്യമന്ത്രി അറിയിച്ചു. സംഭവത്തിൽ ഗുരുതര വീഴ്ചയുണ്ടെന്നും, കെട്ടിട നിർമാണത്തിലടക്കം അപാകത ഉണ്ടായതായും ആരോപിച്ച് കോൺഗ്രസ് രംഗത്തെത്തി.

&&&&&&&&&&&&&

**HEADLINE - 6**

**THRISSUR POORAM (INTRO)**

പൂര വിളംബരം കഴിഞ്ഞതോടെ തൃശ്ശിവപേരൂരിൻറെ മണ്ണ് പൂരത്തിനായി ആവേശപൂർവ്വം ഒരുങ്ങികഴിഞ്ഞു. നാളെയാണ് വിശ്വപ്രസിദ്ധ തൃശൂർ പൂരം.

**വിശദാംശങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ്.**

(വോയിസ്)

**&&&&&&&&&&&&&**

**SHAH–CRIMINAL LAW DELHI**

പുതിയ ക്രിമിനൽ നിയമങ്ങൾ നടപ്പിലാക്കുന്നത് അവലോകനം ചെയ്യുന്നതിനായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ നേതൃത്തിൽ ന്യൂഡൽഹിയിൽ യോഗം ചേർന്നു. ഡൽഹി ലെഫ്റ്റനന്റ് ഗവർണർ വിനയ് സക്സേന, മുഖ്യമന്ത്രി രേഖ ഗുപ്ത ഉൽപ്പെടെയുള്ളവർ യോഗത്തിൽ പങ്കെടുത്തു. കഴിഞ്ഞ വർഷം ജൂലൈയിലാണ് രാജ്യത്ത് പുതിയ ക്രിമിനൽ നിയമങ്ങൾ പ്രാബല്യത്തിൽ വന്നത്.

**&&&&&&&&&&&&&**

**PRESIDENT – SABARIMALA**

രാഷ്ട്രപതി ദ്രൗപദി മുർമു രണ്ടു ദിവസത്തെ സന്ദർശനത്തിനായി ഈ മാസം 18 ന് കേരളത്തിലെത്തും. ശബരിമല ക്ഷേത്രത്തിൽ രാഷ്ട്രപതി ദർശനം നടത്തും. ആദ്യമായാണ് ഒരു രാഷ്ട്രപതി ശബരിമലയിൽ ദർശനം നടത്തുന്നത്. ഇത് സംബന്ധിച്ച ഔദ്യോഗിക അറിയിപ്പ് രണ്ട് ദിവസത്തിനുള്ളിലുണ്ടാകും. രാഷ്ട്രപതിയുടെ സന്ദർശനത്തിന്റെ പശ്ചാത്തലത്തിൽ ശബരിമലയിൽ സുരക്ഷാ മുന്നൊരുക്കങ്ങൾ ദ്രുതഗതിയിലാക്കി. പാലാ സെന്റ് തോമസ് കോളേജ് ജൂബിലി സമ്മേളനത്തിലും ശ്രീമതി മുർമു പങ്കെടുക്കുമെന്നാണ് റിപ്പോർട്ടുകൾ.

**&&&&&&&&&&&&&**

## Justice Yashwant Verma

ജസ്റ്റിസ് യശ്വന്ത് വർമ്മയുടെ ഔദ്യോഗിക വസതിയിൽ നിന്നും കണക്കിൽപ്പെടാത്ത പണം കണ്ടെത്തിയ സംഭവത്തിൽ മൂന്നംഗ സമിതി സുപ്രീംകോടതി ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്നയ്ക്ക് അന്വേഷണ റിപ്പോർട്ട് കൈമാറി. ആരോപണം അന്വേഷിക്കാൻ രൂപീകരിച്ച ആഭ്യന്തര അന്വേഷണ സമിതിയാണ് റിപ്പോർട്ട് സമർപ്പിച്ചത്. ഇക്കഴിഞ്ഞ മാർച്ച് 14നാണ് യശ്വന്ത് വർമ്മയുടെ ഔദ്യോഗിക വസതിയിൽ നിന്നും കണക്കിൽപെടാത്ത പണം കണ്ടെടുത്തത്.

&&&&&&&&&&&&&

## KHELO INDIA – SHOOTING DELHI

ഖേലോ ഇന്ത്യ യൂത്ത് ഗെയിംസ് 2025 ലെ ഷൂട്ടിംഗ് 10 മീറ്റർ എയർ റൈഫിൾ മിക്സഡ് ടീം വിഭാഗത്തിൽ, രാജസ്ഥാന് സ്വർണ്ണം. രാജസ്ഥാൻറെ മായങ്ക് ചൗധരി-പ്രാചി സഖ്യമാണ് മെഡൽ സ്വന്തമാക്കിയത്. ഉത്തർപ്രദേശിൻറെ ദേവ് പ്രതാപ്- ഉർവ ചൗധരി സഖ്യം വെള്ളി മെഡൽ നേടി. ഇത്തവണ ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിൽ, ഷൂട്ടിംഗ്, സൈക്ലിംഗ്, ജിംനാസ്റ്റിക്സ് എന്നിവ ഡൽഹിയിലും മറ്റ് ഇനങ്ങൾ ബീഹാറിലുമാണ് നടക്കുന്നത്.

&&&&&&&&&&&&&

## IPL

ഐ.പി.എൽ ക്രിക്കറ്റിൽ ടോസ് നേടിയ സൺറൈസേഴ്സ് ഹൈദരാബാദ്, ഡൽഹി ക്യാപിറ്റൽസിനെ ബാറ്റിംഗിനയച്ചു. ഹൈദരാബാദിലാണ് മത്സരം.

&&&&&&&&&&&&&

## RAIN – KERALA

ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. നാളെ രാത്രി 11.30 വരെ കേരള , കന്യാകുമാരി തീരത്ത് കള്ളക്കടൽ പ്രതിഭാസത്തിന് സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

&&&&&&&&&&&&&

**RABIES DEATH**

പേവിഷ പ്രതിരോധ വാക്സിൻ ഫലപ്രദമല്ലെന്നുള്ള ആക്ഷേപങ്ങൾ തള്ളി ആരോഗ്യ വകുപ്പ് രംഗത്തെത്തി. വാക്സിൻ എടുത്തിട്ടും കൊല്ലത്ത് പേവിഷബാധയേറ്റ പെൺകുട്ടി മരിക്കാനുള്ള പ്രധാന കാരണം കയ്യിലെ നാഡിയിലേറ്റ ആഴമേറിയ മുറിവാണെന്ന് എസ് എ ടി ആശുപത്രി സൂപ്രണ്ട് ഡോ.എസ്. ബിന്ദു പറഞ്ഞു.

&&&&&&&&&&&&&

**MB RAJESH**

തെരുവ് നായകളുടെ എണ്ണം നിയന്ത്രിക്കുന്നതിന് നിലവിലെ അനിമൽ ബർത്ത് കൺട്രോൾ ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ കേന്ദ്ര സർക്കാർ തയ്യാറാകണമെന്ന് മന്ത്രി എം.ബി.രാജേഷ്. വന്ധ്യംകരണം മാത്രമാണ് ഏക പരിഹാരം. A.B.C കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് പ്രാദേശിക എതിർപ്പുകൾ വെല്ലുവിളി ഉയർത്തുന്നതായും മന്ത്രി ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&

&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&

&&